# ‘തെങ്ങിന്റെ ചങ്ങാതിക്കൂട്ടം’: പരിശീലനം നേടിയവർ 15,000

തിരുവനന്തപുരം: നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന ‘തെങ്ങിന്റെ ചങ്ങാതിക്കൂട്ടം’ പദ്ധതിയിൽ പരിശീലനം നേടിയവരുടെ എണ്ണം 15,000 കവിഞ്ഞു. തേങ്ങയിടാൻ ആളെ കിട്ടുന്നില്ലയെന്ന കേരകർഷകരുടെ കാലങ്ങളായുള്ള പരാതിക്കാണ് ഏറെക്കുറെ പരിഹാരമുണ്ടാക്കാൻ ബോർഡിന് കഴിഞ്ഞത്. ബോർഡ് ഒരുക്കിയ പരിശീലന പരിപാടിയിലൂടെ തെങ്ങിന്റെ ചങ്ങാതിമാരാകാൻ കഴിഞ്ഞതിൽ അഭിമാനം കൊള്ളുന്നവരായിരിക്കുന്നു ഇവരിൽ പലരും.

കേരകൃഷിയുടെ ശാസ്ത്രീയവശങ്ങളും പരിപാലനരീതികളും തെങ്ങുകയറ്റ യന്ത്രത്തിന്റെ ഉപയോഗരീതിയും ഉൾപ്പെടുത്തി 2011 ഓഗസ്റ്റ് 17ന് കേരളത്തിലെ 11 ജില്ലകളിൽ തുടക്കമിട്ട ‘തെങ്ങിന്റെ ചങ്ങാതിക്കൂട്ടം’ പരിശീലന പരിപാടി മൂന്ന് ഘട്ടങ്ങൾ പിന്നിട്ടു. മികച്ച തൊഴിലാളികൾക്ക് ദിവസേന 500 മുതൽ 1,500 വരെ വരുമാനം ലഭിക്കുന്നതിനാൽ തന്നെ പരിശീലനാർത്ഥികളുടെ എണ്ണത്തിലും വർധനയുണ്ടാകുന്നുണ്ട്. തെങ്ങിന്റെ ചങ്ങാതിമാരായതിലൂടെ ഇവരുടെ സാമ്പത്തിക ഭദ്രതയും ജീവിതസുരക്ഷയും ഉറപ്പായി. 80 ശതമാനത്തിലധികം ചങ്ങാതിമാരും ഈ തൊഴിൽ രംഗത്ത് ഉറച്ചു നിൽക്കുന്നുവെന്നതും പദ്ധതിയുടെ വിജയമാണ്. ജില്ലകൾ കേന്ദ്രീകരിച്ച് കൃഷിഭവന്റെയും കർഷക മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടേയും ആഭിമുഖ്യത്തിലാണ് 20 പേർ വീതമുള്ള ആറു ദിവസത്തെ സൗജന്യ പരിശീലനം ഒരേസമയത്ത് 15 കേന്ദ്രങ്ങളിലായി നൽകി വരുന്നത്. കൂടാതെ നാളികേരോൽപാദനം കൂടുതലുള്ള തമിഴ്നാട്, കർണാടക, മഹാരാഷ്ട്ര, ആന്ധ്രപ്രദേശ്, ഗോവ, ഒഡീഷ, ഛത്തീസ്ഗഢ് സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ‘ഫ്രണ്ട്സ് ഓഫ് കോക്കനട്ട് ട്രീ’ എന്നപേരിൽ ബോർഡിന്റെ റീജിയണൽ ഓഫീസുകൾ വഴിയും പരിശീലനം നൽകിവരുന്നു.

വിവിധ ജില്ലകളിൽ പരിശീലനം പൂർത്തിയാക്കിയ തെങ്ങിന്റെ ചങ്ങാതിമാരുടെ എണ്ണം ഇപ്രകാരമാണ്. കാസർകോട് –727, കണ്ണൂർ – 1,326, കോഴിക്കോട്– 1,296, മലപ്പുറം– 988, പാലക്കാട്– 1,189, തൃശൂർ– 1,152, എറണാകുളം– 955, ആലപ്പുഴ– 756, ഇടുക്കി– 1,035, കോട്ടയം– 761, പത്തനംതിട്ട– 305, കൊല്ലം–1,022, തിരുവനന്തപുരം– 1,356. മറ്റ് സംസ്ഥാനങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിച്ചതിന്റെ ഭാഗമായി തമിഴ്നാട് –1,136, കർണാടക–426, മഹാരാഷ്ട്ര – 276, ആന്ധ്രാപ്രദേശ്– 143, ലക്ഷദ്വീപ്– 101, ഗോവ–60, ഒഡീഷ–75, ഛത്തീസ്ഗഢ്– 17 എന്നിങ്ങനെയാണ് പരിശീലനം പൂർത്തിയാക്കിയത്. ഇന്ത്യയൊട്ടാകെ 15,102 പേർ പരിശീലനത്തിൽ പങ്കെടുത്തു.

നീര ഉൽപാദനത്തിന് സംസ്ഥാന സർക്കാർ അനുമതി ലഭിച്ചതോടെ നീര വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദിപ്പിച്ച് തുടങ്ങുമ്പോൾ ‘ചങ്ങാതി’മാർക്ക് നിലവിലുള്ളതിനേക്കാൾ ആയിരത്തിലധികം തൊഴിലവസരങ്ങൾ ഈ മേഖലയിൽ സൃഷ്ടിക്കപ്പെടും. പ്രതിമാസം 20,000 രൂപ മുതൽ വരുമാനം ലഭിക്കുന്ന ‘നീര ടെക്നീഷ്യൻ’ ആവാൻ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പിന്നീട് പ്രത്യേകപരിശീലനം നൽകും. തെങ്ങിന്റെ ചങ്ങാതിമാരാകാൻ താൽപര്യമുള്ളവർ വെള്ളക്കടലാസിൽ തയാറാക്കിയ അപേക്ഷകൾ ചെയർമാൻ, നാളികേര വികസനബോർഡ്, കൊച്ചി– 11 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ :0484 2376265, 2377267, 2377266, 2376553.